**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംഘടനാ സംവിധാനം - കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് - മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു**

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(പി)നം. 153/2011/തസ്വഭവ. തീയതി, തിരുവനന്തപുരം, 26/07/2011

---

പരാമർശം (1) 13/10/2008 ലെ സ.ഉ (പി) നമ്പർ 272/08/ത.സ്വ.ഭ.വ ഉത്തരവ്.
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/07/2011 ലെ കെ. എസ്/എം/2899/2011 നമ്പർ കുറിപ്പ്.

കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള വിശദമായ മാർഗ്ഗനിർദേശങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള കുടുംബശ്രീ ത്രിതല സംഘടനാ ഭരണസമിതികളുടെ ഭരണ കാലാവധി 2011 നവംബർ 30ന് അവസാനിക്കും. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സുഗമവും, സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുള്ള വിശദമായ ശുപാർശ പരാമാർശം 2 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ചിരുന്നു.. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് സൂചന ഉത്തരവ് പ്രകാരമുള്ള തെരഞ്ഞെടുപ്പ് ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം തന്നെ നിർവ്വഹിക്കേണ്ടതാണ്
2. 2011 ഡിസംബർ 1 ന് പുതിയ ഭരണസമിതികൾക്ക് അധികാരമേൽക്കാൻ സാധിക്കുന്ന വിധത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. **അഫിലിയേഷൻ പുതുക്കൽ:** കുടുംബശ്രീ ബൈലോ പ്രകാരം യഥാസമയം അഫിലിയേഷൻ പുതുക്കിയ അയൽക്കൂട്ടങ്ങൾക്കുമാത്രമേ ത്രിതല സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹതയുള്ളൂ.
4. **പുതിയ അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ:** കുടുംബശ്രീ ബൈലോ പ്രകാരം പുതിയ ഭരണ സമിതികൾ അധികാരമേൽക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതിക്ക് **90 ദിവസം മുൻപെങ്കിലും** അഫിലിയേഷൻ നേടിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്കുമാത്രമേ തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുക്കാൻ അർഹതയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. **ഈ സാഹചര്യത്തിൽ 2011 ആഗസ്റ്റ് 31 നുള്ളിൽ അഫിലിയേഷൻ നേടിയ അയൽക്കൂട്ടങ്ങൾക്കുമാത്രമേ ത്രിതല സംഘടനാ**

തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നു. എസ്സി, എസ്ടി, ന്യൂനപക്ഷ വിഭാഗങ്ങൾ, തീരദേശ മത്സ്യ തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, തുടങ്ങിയ മുഴുവൻ ബിപിഎൽ കുടുംബങ്ങളും കുടുംബശ്രീ സംവിധാനത്തിൽ ഉൾക്കൊള്ളിക്കുന്നതിനാണ് പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് .

5. **അഫിലിയേഷൻ സർട്ടിഫിക്കറ്റ്:** സിഡിഎസിൽ അഫിലിയേറ്റ് ചെയ്ത അയൽക്കൂട്ടങ്ങൾക്ക് നൽകുന്ന രേഖയാണ് അഫിലിയേഷൻ സർട്ടിഫിക്കറ്റ്. സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അയൽക്കൂട്ടങ്ങൾക്കുള്ള അർഹതയും, കാലഗണനയും ഉറപ്പുവരുത്തുന്നതിനുള്ള പ്രധാന രേഖ കൂടിയാണിത്. അഫിലിയേഷൻ സർട്ടിഫിക്കറ്റുകൾ അയൽക്കൂട്ടങ്ങൾക്ക് യഥാസമയം നൽകേണ്ട/ പുതുക്കി നൽകേണ്ട ചുമതല കുടുംബശ്രീ സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കാണ്. അംഗത്വ / അഫിലിയേഷൻ രജിസ്റ്ററുകൾ നാളതീകരിക്കുന്നതിന്റെയും, തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹമായ അയൽക്കൂട്ടങ്ങളുടേയും അർഹരായ അംഗങ്ങളുടെയും വിവരങ്ങൾ നിർണ്ണയിക്കുന്നതിനുമായി അംഗത്വ-അഫിലിയേഷൻ രജിസ്റ്റർ സീൽ ചെയ്ത് വരണാധികാരിക്ക് കൈമാറുന്നതിന്റേയും ഉത്തരവാദിത്വവും സിഡിഎസ് മെമ്പർ സെക്രട്ടറിമാർ കൃത്യമായി നിർവ്വഹിക്കേണ്ടതാണ്. ഇതിനായി മുദ്രവച്ച അഫിലിയേഷൻ രജിസ്റ്ററുകളും എ.ഡി.എസ്സുകളുടെ ലിസ്റ്റുകളും 2011 സെപ്റ്റംബർ 30-ന് മുൻപായി കുടുംബശ്രീ ജില്ലാമിഷന് സിഡിഎസ് മെമ്പർ സെക്രട്ടറിമാർ കൈമാറേണ്ടതാണ്.

6. **അയൽക്കൂട്ടങ്ങളുടെ വിഭജനം:** 10-20 കുടുംബങ്ങൾ വരെ ഉൾക്കൊള്ളുന്നതാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കഴിയുന്നതുവരെ അയൽക്കൂട്ടങ്ങളുടെ ഘടനാപരമായ തൽസ്ഥിതി നിലനിറുത്തേണ്ടതാണ്. കൂടാതെ എപിഎൽ അംഗങ്ങൾ മാത്രമുള്ള അയൽക്കൂട്ടങ്ങൾ ഫെഡറേറ്റ് ചെയ്ത് പുതിയ എഡിഎസുകൾ രൂപീകരിക്കാൻ പാടില്ല. എപിഎൽ അയൽക്കൂട്ടങ്ങൾ മാത്രമുള്ള വാർഡുകളിൽ അവ തൊട്ടടുത്ത വാർഡിലെ ബിപിഎൽ അയൽക്കൂട്ടങ്ങൾ ഉൾപ്പെടുന്ന എഡിഎസുമായി ഫെഡറേറ്റ് ചെയ്യേണ്ടതാണ്. സ്ഥലപരമായ സാമീപ്യം ഇതിന് മാനദണ്ഡമായി സ്വീകരിക്കണം. 20-ൽ (ഇരുപതിൽ) താഴെ അംഗസംഖ്യയുള്ള അയൽക്കൂട്ടങ്ങൾ യാതൊരു കാരണവശാലും വിഭജിക്കാൻ പാടുള്ളതല്ല.

7. പുതിയ വാർഡ് വിഭജനത്തെ തുടർന്ന് നിലവിൽ വന്നിട്ടുള്ള വാർഡുകളിൽ എ.ഡി.എസ്. രൂപീകരണത്തിന് ആവശ്യമായ അയൽക്കൂട്ടങ്ങളുടെ എണ്ണത്തിന് വിധേയമായി എ.ഡി.എസ്സുകൾ രൂപീകരിക്കാവുന്നതാണ്. ആകെ എ.ഡി.എസ്സുകളുടെ എണ്ണം ആകെ വാർഡുകളുടെ എണ്ണത്തേക്കാൾ കൂടാൻ പാടുള്ളതല്ല. അയൽക്കൂട്ടങ്ങളെ പുനർവിന്യസിക്കുമ്പോൾ 11.2.1. എന്ന ബൈലോ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഉദാഹരണമായി, രണ്ടോ മൂന്നോ വാർഡുകളിലെ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു അയൽക്കൂട്ടത്തിലെ ഭൂരിപക്ഷ അംഗങ്ങളും ഏതു വാർഡിനുള്ളിലാണ് ഉൾപ്പെട്ടുവരുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഭൂരിപക്ഷ അഭിപ്രായ പ്രകാരം തീരുമാനം എടുക്കാവുന്നതാണ്.

8. **കുടുംബശ്രീ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ നിയമനം.** സിഡിഎസ് ത്രിതല സമിതികളുടെ തെരഞ്ഞെടുപ്പ് ജനാധിപത്യപരമായ രീതിയിൽ സ്വതന്ത്രവും, നീതി പൂർവ്വകവുമായി യഥാസമയം നടത്തുന്നതിന് ഓരോ ജില്ലയിലും, ജില്ലാ തലത്തിൽ ഉള്ള ഒരു കുടുംബശ്രീ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥയെ /(നെ) ജില്ലാകളക്ടർ നിയമിച്ച് അടിയന്തിരമായി ഉത്തരവിറക്കേണ്ടതാണ്. ഓരോ സിഡിഎസ് ത്രിതല സംവിധാനത്തിന്റേയും തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ

നിശ്ചയിച്ച് ജില്ലാ കളക്ടർ അംഗീകരിച്ച് ഉത്തരവ് ഇറക്കേണ്ട ചുമതല ഇപ്രകാരം നിയോഗിക്കപ്പെടുന്ന ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗ സ്ഥർക്കായിരിക്കും. സി.ഡി.എസ്. ഭരണ സമിതി തെരഞ്ഞെടുപ്പിനുള്ള പൊതുയോഗം വിളിച്ചു കൂട്ടാനും, തെരഞ്ഞെടുപ്പ് പൂർത്തീകരിക്കാനു മുള്ള അധികാരം അതിനായി ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയ വര ണാധികാരിയിൽ മാത്രം നിക്ഷിപ്തമാണ്.

9. 2011 ആഗസ്റ്റ് 30 ന് മുൻപായി ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും, റിട്ടേണിംഗ് ഓഫീസർ, അസി. റിട്ടേണിംഗ് ഓഫീ സർ എന്നിവരെ നിയോഗിക്കുന്നതിനും, ഇവരുടെ വിശദാംശങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ജില്ലാ കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്.

10. **ബിപിഎൽ ലിസ്റ്റ് പരിശോധന:** ത്രിതല സംഘടനാ സംവിധാനങ്ങളുടെ ഭരണ സമിതി ഭാരവാഹി സ്ഥാനങ്ങളിൽ ബിപിഎൽ വിഭാഗക്കാർക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ അവർ തന്നെയാണ് തെരഞ്ഞെ ടുക്കപ്പെടുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ബിപിഎൽ ലിസ്റ്റ് പരിശോ ധിച്ച് ഉറപ്പുവരുത്തണമെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി നിലവിലുള്ള ബിപിഎൽ ലിസ്റ്റ് കുടുംബശ്രീ സിഡിഎ സിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന റിട്ടേ ണിംഗ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ എന്നിവർക്ക് ആവശ്യമായ സന്ദർഭത്തിൽ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത്/ നഗ രസഭാ സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്.

11. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളുടെ നേതൃത്വപരവും, ഭരണപരവുമായ മേൽ നോട്ട ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കാ ണുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റി കുടുംബശ്രീ വിലയിരുത്തൽ സമിതി എന്നീ ഔദ്യോഗിക സംവിധാനങ്ങളിലൂടെ കുടുംബശ്രീ പ്രവർത്തനങ്ങൾക്കാവശ്യമായ നേതൃത്വവും, മാർഗ്ഗനിർദേശവും നൽകുന്ന ചുമതലകളാണ് തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾക്ക് കുടുംബശ്രീ പ്രവർത്തനവുമായി ബന്ധപ്പെട്ട് മുഖ്യമായും നിർവ്വഹിക്കാനുള്ളത്. ഈ സാഹചര്യത്തിൽ 2008 ലെ ത്രിതല സംഘടനാ പൊതു തെരഞ്ഞെടുപ്പിൽ അനുവർത്തി ച്ചിരുന്ന വിധത്തിൽ കുടുംബശ്രീ ത്രിതല സംഘടനാ ഭാരവാഹി സ്ഥാനങ്ങളിൽ ചുവടെ ചേർക്കുന്ന സ്ഥാനങ്ങളിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള പ്രതിനിധികൾക്ക് മത്സരിക്കുന്നതിനോ, തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹതയുണ്ടായിരിക്കുന്നതല്ല

- അയൽക്കൂട്ടം പ്രസിഡന്റ് , സെക്രട്ടറി
- എഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി
- സിഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ
- സി.ഡി.എസ്. ഉപസമിതി കൺവീനർമാർ

12. **തെരഞ്ഞെടുപ്പ് വിജ്ഞാപനം:** ത്രിതല സംഘടനാ തെരഞ്ഞെടുപ്പി നുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം 2011 ഒക്ടോബർ മാസം ആദ്യ വാരത്തിൽ പുറപ്പെടുവിക്കുന്നതിനും, ത്രിതല സംഘടനാ തെരഞ്ഞെ ടുപ്പ് ചുവടെ ചേർക്കുന്ന തരത്തിൽ പൂർത്തീകരിക്കുന്നതിനും ജില്ലാ കളക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്. ഓരോ തെരഞ്ഞെടുപ്പ് ഘട്ടത്തിലും 5 (അഞ്ച്) ദിവസത്തെ ഇടവേളയെങ്കിലും ഉണ്ടായിരിക്കണം.

- **ആദ്യ ഘട്ടം:** അയൽക്കൂട്ട തെരഞ്ഞെടുപ്പ് – 2011 നവംബർ 10 ന് മുൻപ്
- **രണ്ടാം ഘട്ടം:** എഡിഎസ് തെരഞ്ഞെടുപ്പ് 2011 നവംബർ 20 ന് മുൻപ്
- **മൂന്നാം ഘട്ടം:** സിഡിഎസ് തെരഞ്ഞെടുപ്പ് 2011 നവംബർ 30 ന് മുൻപ്

13. **തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിലെ ക്വാറം:** എഡിഎസ് / സിഡിഎസ് തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ അതാത് തലത്തിലെ പൊതു സഭയുടെ ആകെ അംഗസംഖ്യയുടെ 2/3 പ്രാതിനിധ്യം/ ക്വാറം ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിശ്ചിത ക്വാറം ഇല്ലാത്ത അവസരത്തിൽ പ്രസ്തുത തെരഞ്ഞെടുപ്പ് പൊതുയോഗം മാറ്റിവയ്ക്കുന്നതിനും അനുശാസിച്ചിട്ടുണ്ട്. ക്വാറം തികയാത്തതു കൊണ്ട് തെരഞ്ഞെടുപ്പ് മാറ്റിവച്ച എഡിഎസ്/ സിഡിഎസ് തലങ്ങളിലെ തെരഞ്ഞെടുപ്പ് പൊതുയോഗം രണ്ടാമത് വീണ്ടും ചേരുന്ന അവസരത്തിൽ പ്രസ്തുത തെരഞ്ഞെടുപ്പ് പൊതു യോഗത്തിന്റെ ക്വാറം അതാത് പൊതുസഭയുടെ ആകെ അംഗസംഖ്യയുടെ 50% ആയിരിക്കുന്നതാണ്.
14. സിഡിഎസ്, എഡിഎസ് തലങ്ങളിലെ തെരഞ്ഞെടുപ്പ് ചെലവുകൾക്ക്, (പ്രിന്റിംഗ്, സ്റ്റേഷനറി, തപാൽ ചാർജ്ജ്, തെരഞ്ഞെടുപ്പ് രേഖകൾ റിട്ടേണിംഗ് ഓഫീസർ/ അസി. റിട്ടേണിംഗ് ഓഫീസർ എന്നിവർക്ക് എത്തിക്കുന്നതിനുള്ള ചെലവുകൾ ഉൾപ്പെടെ) 2500/- രൂപ എന്ന പരിധിക്കു വിധേയമായി സിഡിഎസിന്റെ തനത് ഫണ്ട് / ഭരണ നിർവ്വഹണ ഗ്രാന്റിൽ നിന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകുന്നു.
15. **മെമ്പർ സെക്രട്ടറിമാരുടെ സ്ഥാനഒഴിവ് നികത്തുന്നതിനുള്ള കാലപരിധി.** ത്രിതല സംഘടനാ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മെമ്പർ സെക്രട്ടറിമാരുടെ യഥാസമയ സേവനവിനിയോഗവും, ലഭ്യതയും പ്രധാന ഘടകമാണ്. അയൽക്കൂട്ട അഫിലിയേഷൻ സർട്ടിഫിക്കറ്റുകളുടെ വിതരണം, അംഗത്വ രജിസ്റ്ററുകളുടെ നാളതീകരണം, തുടങ്ങിയ ഒട്ടേറെ നിർണ്ണായക പ്രവർത്തനങ്ങൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മെമ്പർ സെക്രട്ടറിമാർ നിർവ്വഹിക്കേണ്ടതുണ്ട്. മെമ്പർ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതി വിശേഷം ഈ സാഹചര്യത്തിൽ ഒട്ടും ആശാസ്യമല്ല. മെമ്പർ സെക്രട്ടറി സ്ഥാനം ഒഴിവുള്ള സിഡിഎസുകളിൽ **2011 ജൂലൈ 31 ന്** മുൻപ് മെമ്പർ സെക്രട്ടറിമാരെ നിയോഗിക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് കർശന നിർദേശം നൽകുന്നു.
16. **അയൽക്കൂട്ട അഫിലിയേഷൻ:** രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള രീതിയും, നടപടിക്രമവും.
അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ - രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ- ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും, തീർപ്പാക്കുന്നതിനും ചുവടെ ചേർക്കുന്ന രീതി അനുവർത്തിക്കേണ്ടതാണ്. അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ / രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിലയിരുത്തൽ സമിതിയുടെ നേതൃത്വത്തിലുള്ള സംവിധാനത്തെ ചുമതലപ്പെടുത്തുന്നു. അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ/ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതി രേഖാമൂലം ബന്ധപ്പെട്ട അയൽക്കൂട്ടത്തിന്റെ സെക്രട്ടറി വിലയിരുത്തൽ സമിതി അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതാണ്. ഇത്തരം പരാതികൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് വിലയിരുത്തൽ സമിതിയുടെ പ്രത്യേക യോഗം ചേരേണ്ടതാണ്. താഴെപറയുന്ന മാനദണ്ഡങ്ങളും തെളിവുകളും പരിശോധനക്കായി പരിഗണിക്കാവുന്നതാണ്:

(എ) അപേക്ഷ/ പരാതി സെക്രട്ടറിയോ സെക്രട്ടറിയും പ്രസിഡന്റും സംയുക്തമായോ നൽകിയിരിക്കണം
(ബി) 2011 ആഗസ്റ്റ് 31-നോ അതിനു മുമ്പോ അഫിലിയേഷൻ / അഫിലിയേഷൻ പുതുക്കൽ/ പുനർ അഫിലിയേഷൻ നടത്തുന്നതിന് കുടുംബശ്രീ സിഡിഎസ് ബൈലോയിലെ അനുബന്ധം -1 പ്രകാരമുള്ള അപേക്ഷ നൽകിയിരിക്കണം

അഫിലിയേഷനുള്ള അപേക്ഷ, അയൽക്കൂട്ട മിനിട്ട്സ്, ബാങ്ക് പാസ് ബുക്ക്, ബാങ്ക് സ്റ്റേറ്റുമെന്റുകൾ/ ഓഡിറ്റ് രേഖകൾ തുടങ്ങിയ അധികൃത രേഖകൾ പരിശോധിച്ച് ഇവ ഉറപ്പുവരുത്താവുന്നതാണ്.

പരാതി/ ആക്ഷേപം ലഭിച്ച് 10 ദിവസത്തിനുള്ളിൽ ഇത് സംബന്ധിച്ച തീരുമാനം വിലയിരുത്തൽ സമിതി കൈക്കൊള്ളേണ്ടതാണ്. വിലയിരുത്തൽ സമിതിയുടെ തീരുമാനം രേഖാമൂലം ബന്ധപ്പെട്ട അയൽക്കൂട്ടം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. വിലയിരുത്തൽ സമിതിയുടെ തീരുമാനത്തിന്മേൽ ബന്ധപ്പെട്ട അയൽക്കൂട്ടത്തിനോ സി.ഡി.എസ്സിനോ പരാതികളോ, ആക്ഷേപമോ ഉണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് തീർപ്പാക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തുന്നു. വിലയിരുത്തൽ സമിതി തീരുമാനമെടുത്ത് 7 ദിവസത്തിനകം, ഇത് സംബന്ധിച്ച അപ്പീൽ ജില്ലാകളക്ടർക്ക് നൽകേണ്ടതാണ്. ഇതിനനുസൃതമായി മേൽ പറഞ്ഞ രജിസ്റ്ററുകളുടേയും, രേഖകളുടേയും സഹായത്തോടെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അയൽക്കൂട്ടങ്ങളുടെ അർഹതയെ സംബന്ധിച്ച അന്തിമ തീരുമാനം ജില്ലാകളക്ടർ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാകളക്ടറുടെ നിർദേശം/ തീരുമാനം അന്തിമമായിരിക്കും.

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മേൽ നിർണ്ണയിച്ച നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**ജയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ
2. എല്ലാ ജില്ലാകളക്ടർമാർക്കും.
3. നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
6. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
7. എല്ലാ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
8. എല്ലാ സിഡിഎസ്/എഡിഎസുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം)
10. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം
11. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
12. ഡയറക്ടർ, ഐ.കെ.എം. പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
13. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**